**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3521</u>** **<u>14-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരം</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ . പി . അനിൽ കുമാർ</td><td colspan="2">ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>എൻഡോസൾഫാൻ ദുരിതബാധിതർക്ക് അടിയന്തര നഷ്ടപരിഹാരം നൽകുന്നതിന് സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; ഈ തുക എത്ര പേർക്കാണ് അനുവദിച്ചതെന്നും എത്ര തുക വീതമാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ;</td><td>(എ)</td><td>ബഹു. സുപ്രീം കോടതിയുടെ ഡബ്ളിയു. പി. (സിവിൽ) 213/2011 നമ്പർ കേസ്സിന്മേലുള്ള 10.01.2017-ലെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ 15.03.2022-ലെ സ. ഉ. (സാധാ) നമ്പർ. 1877/2022/ധന ഉത്തരവിൻ പ്രകാരം എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി 2021-2022 സാമ്പത്തിക വർഷം 200 കോടി രൂപ അധികമായി വകയിരുത്തുകയും, തുടർന്ന് 24.03.2022-ലെ സ. ഉ. (എം. എസ്) നമ്പർ. 4/2022/ സാ.നീ.വ ഉത്തരവിൻ പ്രകാരം പ്രസ്തുത തുകയിൽ നിന്ന് എൻഡോസൾഫാൻ ദുരിതബാധിതർക്ക് 5,00,000/- രൂപ വീതം നഷ്ടപരിഹാരം അനുവദിക്കുന്നതിനായി സർക്കാർ കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുമതി നൽകുകയും നഷ്ടപരിഹാരത്തിന് അർഹരായവരെ കണ്ടെത്തി ടി തുക റിലീസ് ചെയ്ത് അനുവദിക്കുന്നതിന് കാസർഗോഡ് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന് ശേഷം നാളിതുവരെ പ്രസ്തുത നഷ്ടപരിഹാരം ആവശ്യപ്പെട്ട് കാസർഗോഡ് ജില്ലാ കളക്ടറേറ്റിൽ ലഭിച്ച അപേക്ഷകളിൽ 11.07.2022 തീയതി വരെ മൊത്തം 5056 പേർക്കായി താഴെ പറയുന്ന പട്ടികയിൻ പ്രകാരം ആകെ 1,99,64,50,000/- രൂപ അനുവദിച്ചിട്ടുണ്ട്.
<table>
<tr><th><u>ക്രമ നമ്പർ</u></th><th><u>അനുവദിച്ച തുക</u></th><th><u>എത്ര പേർക്ക്</u></th></tr>
<tr><td>1</td><td>1,00,000/- രൂപ</td><td>116</td></tr>
<tr><td>2</td><td>1,50,000/- രൂപ</td><td>1</td></tr>
<tr><td>3</td><td>2,00,000/- രൂപ</td><td>1550</td></tr>
<tr><td>4</td><td>2,50,000/- രൂപ</td><td>13</td></tr>
<tr><td>5</td><td>3,00,000/- രൂപ</td><td>29</td></tr>
<tr><td>6</td><td>3,50,000/- രൂപ</td><td>13</td></tr>
<tr><td>7</td><td>4,00,000/- രൂപ</td><td>88</td></tr>
<tr><td>8</td><td>5,00,000/- രൂപ</td><td>3246</td></tr>
</table>
</td></tr>
</table>

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>മൊത്തം</td><td>1,99,64,50,000/- രൂപ</td><td>5056</td></tr>
</table>
കൂടാതെ ബഹു. സുപ്രീം കോടതിയുടെ കൺട്ടെംമ്റ്റ് പെറ്റീഷൻ (സിവിൽ) നമ്പർ. 244/2021 നമ്പർ കേസ്സിന്മേലുള്ള 13.05.2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ മേൽപറഞ്ഞ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിൽ കാലതാമസം നേരിട്ട 8 പേർക്ക് 30.05.2022-ലെ സ. ഉ. (സാധാ) നമ്പർ. 141/2022/സാ.നീ.വ ഉത്തരവിൻ പ്രകാരം അധികമായി 50,000/- രൂപ വീതം ആകെ 4,00,000/- രൂപയും കാസർഗോഡ് ജില്ലാ കളക്ടർ മുഖാന്തിരം അനുവദിച്ചിട്ടുണ്ട്.
നിലവിൽ അനുവദിച്ച 200 കോടി രൂപയിൽ 1,99,68,50,000 /-രൂപ എൻഡോസൾഫാൻ ദുരിതബാധിതർക്ക് വിതരണം ചെയ്തിട്ടുണ്ട്.
</td></tr>
<tr><td>(ബി)</td><td>ആയത് വിതരണം ചെയ്യുന്നതിന് സുപ്രീം കോടതി സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;</td><td>(ബി)</td><td>ഉണ്ട്; ബഹു. സുപ്രീം കോടതിയുടെ ഡബ്ളിയു. പി. (സിവിൽ) 213/2011 നമ്പർ കേസ്സിന്മേലുള്ള 10.01.2017-ലെ അന്തിമവിധിയിൽ പ്രസ്തുത വിധിയുടെ തീയതി മുതൽ 3 മാസത്തെ സമയമാണ് അനുവദിച്ചിരുന്നത്. പ്രസ്തുത സമയക്രമം പാലിക്കുവാൻ സാധിക്കാത്ത സാഹചര്യം മേൽപറഞ്ഞ അന്തിമവിധിയിന്മേലുള്ള കോടതിയലക്ഷ്യ കേസ്സിൽ (കൺട്ടെംമ്റ്റ് പെറ്റീഷൻ (സിവിൽ) നമ്പർ. 244/2021) ബഹു. സുപ്രീം കോടതി 13.05.2022 തീയതിയായി വിലയിരുത്തുകയും ഈ കാര്യത്തിലുള്ള പുരോഗതി / നിജസ്ഥിതി വിവരണ റിപ്പോർട്ട് ബഹു. കോടതിയുടെ അടുത്ത സിറ്റിംഗിൽ സമർപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരമുള്ള നടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ തലത്തിലും, സർക്കാർ തലത്തിലും പുരോഗമിച്ച് വരുകയാണ്.</td></tr>
<tr><td>(സി)</td><td>നാളിതുവരെ എത്ര പേർക്ക് എത്ര രൂപ വീതം വിതരണം ചെയ്തുവെന്ന് അറിയിക്കാമോ;</td><td>(സി)</td><td>
ബഹു. സുപ്രീം കോടതിയുടെ ഡബ്ളിയു. പി. (സിവിൽ) 213/2011 നമ്പർ കേസ്സിന്മേലുള്ള 10.01.2017-ലെ അന്തിമവിധിക്കു മുൻപ് എൻഡോസൾഫാൻ ദുരിതബാധിതരായ 1446 പേർക്ക് 5,00,000/- രൂപയും, 1568 പേർക്ക് 3,00,000/- രൂപയും നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്.
ആയതിന് ശേഷം ബഹു. സുപ്രീം കോടതിയുടെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ നാളിതുവരെ പ്രസ്തുത നഷ്ടപരിഹാരം ആവശ്യപ്പെട്ട് കാസർഗോഡ് ജില്ലാ കളക്ടറേറ്റിൽ ലഭിച്ച അപേക്ഷകളിൽ 11.07.2022 തീയതി വരെ മൊത്തം 5056 പേർക്കായി താഴെ പറയുന്ന പട്ടികയിൻ പ്രകാരം ആകെ 1,99,64,50,000/- രൂപ അനുവദിച്ചിട്ടുണ്ട്.
<table>
<tr><th><u>ക്രമ നമ്പർ</u></th><th><u>അനുവദിച്ച തുക</u></th><th><u>എത്ര പേർക്ക്</u></th></tr>
<tr><td>1</td><td>1,00,000/- രൂപ</td><td>116</td></tr>
</table>
</td></tr>
</table>

| | | |
|---|---|---|
| 2 | 1,50,000/- രൂപ | 1 |
| 3 | 2,00,000/- രൂപ | 1550 |
| 4 | 2,50,000/- രൂപ | 13 |
| 5 | 3,00,000/- രൂപ | 29 |
| 6 | 3,50,000/- രൂപ | 13 |
| 7 | 4,00,000/- രൂപ | 88 |
| 8 | 5,00,000/- രൂപ | 3246 |
| മൊത്തം | **1,99,64,50,000/- രൂപ** | **5056** |

കൂടാതെ ബഹു. സുപ്രീം കോടതിയുടെ കൺട്ടെംമ്റ്റ് പെറ്റീഷൻ (സിവിൽ) നമ്പർ. 244/2021 നമ്പർ കേസ്സിന്മേലുള്ള 13.05.2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ മേൽപറഞ്ഞ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിൽ കാലതാമസം നേരിട്ട 8 പേർക്ക് 30.05.2022-ലെ സ. ഉ. (സാധാ) നമ്പർ. 141/2022/സാ.നീ.വ ഉത്തരവിൻ പ്രകാരം 50,000/- രൂപ വീതം ആകെ 4,00,000/- രൂപയും കാസർഗോഡ് ജില്ലാ കളക്ടർ മുഖാന്തിരം അനുവദിച്ചിട്ടുണ്ട്.

നിലവിൽ സർക്കാർ അനുവദിച്ച മേൽപറഞ്ഞ 200 കോടി രൂപയിൽ 1,99,68,50,000 /-രൂപ എൻഡോസൾഫാൻ ദുരിതബാധിതർക്ക് വിതരണം ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത തുക പൂർണ്ണമായും വിതരണം ചെയ്യുന്നതിന് കാലതാമസമുണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; തുക സമയബന്ധിതമായി പൂർണ്ണമായും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | കാസർഗോഡ് ജില്ലാ കളക്ടറേറ്റ് മുഖാന്തിരം തയ്യാറാക്കിയ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ അനർഹർ കടന്ന് കൂടിയിട്ടുണ്ടെന്ന വിജിലൻസ് വകുപ്പിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പട്ടിക പുനഃപരിശോധന നടത്തേണ്ട ആവശ്യകതയുണ്ടായി. ആയതിനെ തുടർന്ന് പ്രസ്തുത നഷ്ടപരിഹാര ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സുതാര്യവും ദ്രുതഗതിയിലുമാക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ തയ്യാറാക്കുകയും പ്രസ്തുത പോർട്ടലിന്റെ സഹായത്തോടെ അർഹരായ എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തി നഷ്ടപരിഹാര തുക എത്രയും വേഗം റിലീസ് ചെയ്ത് അനുവദിക്കുന്നതിനുള്ള നടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ തലത്തിൽ ത്വരിതഗതിയിൽ പുരോഗമിച്ച് വരുകയാണ്. |

സെക്ഷൻ ഓഫീസർ